**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വിവിധ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ നിന്നും അനുവദിച്ചിട്ടുള്ള വായ്പകൾക്ക് റിസ്ക് ഫണ്ട് നിയമാവലിയിൽ ഇളവ് വരുത്തി നൽകുന്ന ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.495/2025/Co-Op തീയതി,തിരുവനന്തപുരം, 10-11-2025

---

പരാമർശം:-
1. കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ ഫണ്ട് ബോർഡിന്റെ 29.10.2025 ലെ 4-ാം നമ്പർ തീരുമാനം.
2. കേരള കോ-ഓപ്പറോറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ ഫണ്ട് ബോർഡ് ജോയിന്റ് രജിസ്ട്രാർ/ സെക്രട്ടറിയുടെ 31.10.2025 ലെ 5095/2025 നമ്പർ കത്ത്.

**ഉത്തരവ്**

വിവിധ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിൽ നിന്നും അനുവദിച്ചിട്ടുള്ള വായ്പകൾക്ക് ചട്ടപ്രകാരം റിസ്ക് ഫണ്ട് അനുവദിക്കുവാൻ കഴിയാത്ത ചില കേസ്സുകളിൽ മാനുഷിക പരിഗണന നൽകി ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി, റിസ്ക് ഫണ്ട് വ്യവസ്ഥ 13(6) പ്രകാരം നിബന്ധനകളിൽ ഇളവ് അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം സഹകരണ വികസന ക്ഷേമനിധി ബോർഡ് തീരുമാനമെടുക്കുകയും പരാമർശം (2) ലെ കത്ത് പ്രകാരം കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി സർക്കാരിൽ ശിപാർശ ചെയ്യുകയുമുണ്ടായി.

2) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ജോയിന്റ് രജിസ്ട്രാറുടെ കത്ത് പ്രകാരം താഴെപ്പറയുന്ന പട്ടികയിൽ ചേർത്തിരിക്കുന്നവരുടെ വായ്പകൾക്ക് നാലാമത് കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള റിസ്ക് ഫണ്ട് നിയമാവലിയിലെ വ്യവസ്ഥയിൽ ഇളവ് നൽകി അഞ്ചാമത്തെ കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുക അനുവദിക്കണമെന്നുമാണ് ശിപാർശ ചെയ്തിട്ടുള്ളത്.

| ക്രമ നം. | ബാങ്ക്/സംഘത്തിന്റെ പേര് | ജില്ല | വായ്പാക്കാരന്റെ പേര് | വായ്പാ തുക | വായ്പ ബാക്കി നില്പ് | ഇളവ് അനുവദിച്ച് ലഭിക്കേണ്ട നിയമാവലി വ്യവസ്ഥകൾ | ബോർഡ് തീരുമാന പ്രകാരം അനുവാദം ലഭിക്കേണ്ട തുക |
|---|---|---|---|---|---|---|---|
| | ശാസ്താംകോട്ട സഹകരണ ക | | ശ്രീ. രാമൻകുട്ടി നായർ, ശ്രീ. അഖി | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | ാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നം. ക്യൂ 373 | കൊല്ലം | ൽ എന്നിവർ ചേർന്ന് | 1,00,000 | 91,476 | 5 | 45,738 |
| 2. | നെയ്യാറ്റിൻകര പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്ലിപ്തം നം. റ്റി. 417 | തിരുവനന്തപുരം | ശ്രീ. ബാബു എന്ന ധർമ്മശീലൻ, ശ്രീമതി ജിജിമോൾ എന്നിവർ ചേർന്ന് | 3,00,000 | 2,57,384 | 4(ബി) | 2,00,000 |
| | **ആകെ** | | | | | | **2,45,738** |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ റിസ്ക് ഫണ്ട് നിയമാവലിയുടെ ബന്ധപ്പെട്ട നിബന്ധനകളിൽ ഇളവ് വരുത്തി മേൽ പട്ടികയിൽ കാണിച്ചിട്ടുള്ള **2,45,738/- (രണ്ട് ലക്ഷത്തി നാല്പത്തിയയ്യായിരത്തി എഴുനൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം)** റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുവാൻ അനുവാദം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DILEEP S M

ഡെപ്യൂട്ടി സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി, കേരള കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് ആന്റ് വെൽഫയർ ഫണ്ട് ബോർഡ്, ടി.സി. 25/357(4), ഗാന്ധാരിയമ്മൻ കോവിൽ റോഡ്, സ്റ്റാച്യൂ തിരുവനന്തപുരം
ബന്ധപ്പെട്ട അപേക്ഷകർക്ക് (കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ജോയിന്റ് രജിസ്ട്രാർ മുഖേന)
വെബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Rajesh S
സെക്ഷൻ ഓഫീസർ
Date: 10-11-2025 12:07:33

പകർപ്പ് :
സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്
സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്